എ3- 2023/18336 30/10/2023

<u>തദ്ദേശ സ്വയംഭരണ വകുപ്പ്- സ്ഥിരം അദാലത്ത് സംബന്ധിച്ച്</u>

ഇന്റേണൽ വിജിലൻസ് ഓഫീസർ - തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് – എന്നവരുടെ 26/10/2023 തിയ്യതിയിലെ IVO1/01/23 നമ്പര് കത്ത്

മാതറമ്പിൽ ആയിശ, ഷാനിബ എന്നിവരുടെ 17066/2021 നമ്പർ അപേക്ഷ സംബന്ധിച്ച്

<u>റിപ്പോർട്ട്</u>

കെട്ടിട നിർമ്മാണത്തിന് വേണ്ടി മണ്ണ് നീക്കം ചെയ്യുന്നതിന് മാതറമ്പിൽ ആയിഷ, ഷാനിബ എന്നിവർ സംയുക്തമായി 31/12/2021ന് മേൽ നമ്പർ പ്രകാരം ഈ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. ആയത് അന്നേദിവസം തന്നെ ഓവർസിയർക്ക് റിപ്പോർട്ടിന് കൈമാറുകയും അപേക്ഷയിൽ അപാകതകൾ ഉള്ളതായി കാണിച്ച് 05/02/22 ന് അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കണം എന്ന് കാണിച്ചുകൊണ്ട് 5/2/2022 ടിയാളുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. ടി കത്തിന് 5/4/2022ന് മറുപടി ലഭ്യമാക്കുകയും ആയത് പരിശോധിച്ച് അസിസ്റ്റന്റ് എൻജിനീയർ 22/4/2022 റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് വേണ്ടി കൂടി അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.എങ്കിൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ തുടർന്നും പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ കെട്ടിട നിർമ്മാണ അനുമതിക്കു വേണ്ടി ടിയാളുകൾ അപേക്ഷ സമർപ്പിച്ചിട്ടില്ല. നിലവിൽ സമർപ്പിക്കപ്പെട്ട അപേക്ഷയിന്മേൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ എന്ന് അവരെ അറിയിച്ചിട്ടുണ്ട്.

ടി അപേക്ഷയുമായി ബന്ധപ്പെട്ട അപേക്ഷ തയ്യാറാക്കിയ എൽബിഎസിന് ഹാജരാകുന്നതിന് നിർദ്ദേശം നൽകുകയും എൽഡിഎഫ് ഹാജരായി ടി വിഷയം നേരിട്ട് ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാലാണ് രേഖാമൂലം രണ്ടാമതും കത്ത് നൽകാതെ പോയത്.

ടി പെൻഡൻസി ഒഴിവാക്കി ഫയൽ പ്രോസസ് ചെയ്യുന്നതിന് വളരെ പെട്ടെന്ന് തന്നെ അപേക്ഷകനെ ബന്ധപ്പെടുന്നതും ന്യൂനതകൾ പരിഹരിച്ച് സർവീസ് ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ അപേക്ഷ പുന സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

OMASSERY GRAMA PANCHAYAT OFFICE * OMASSERY

SECRETARY
OMASSERY GRAMAPANCHAYATH